"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്തനിവാരണ വകുപ്പ് - കാലാവർഷകെടുതികൾ - എസ്.ഡി.ആർ.എഫ്. -കോഴിക്കോട് ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.228/2025/DMD തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ ഡി. എം. ഡി.
2. 15.03.2025 ലെ സ. ഉ. (സാധാ) നം. 127/2025/ ഡി.എം.ഡി.
3. ശ്രീ. പി. ടി. എ. റഹിം (കുന്ദമംഗലം) എം. എൽ. എ. 24.03.2025 തീയതിയിൽ ബഹു. റവന്യു മന്ത്രിക്ക് സമർപ്പിച്ച കത്ത്

**<u>ഉത്തരവ്</u>**

എസ്. ഡി. ആർ. എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നെച്ചൂളി പുത്താലം കെ. പി. കോളനി ചോയിപറമ്പത്ത് റോഡ് പുനരുദ്ധാരണത്തിന് 10 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ളതിനാൽ ആയത് മാറ്റി പകരം ഇതെ പഞ്ചായത്തിലെ വെണ്ണക്കോട് എടവലത്ത് കാഞ്ഞിരത്തിങ്ങൽ റോഡ് പ്രവൃത്തിക്ക് അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോയെന്നത് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1 ) ലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂത്തിയാക്കുന്നുണ്ടെന്നും ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

3. പരാമർശം (2) മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/92/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 08-04-2025 14:50:03

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്